## **കേരള സംസ്ഥാനത്തിലെ സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച കണക്കെടുപ്പ്**

കേരളസംസ്ഥാനത്തിലെ സർക്കാർ / എയ്ഡഡ് പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യതയെക്കുറിച്ച് ബഹു. സുപ്രീം കോടതിയിലും, ബഹു. ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിൽ, കോടതിയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേക്കാണ് ഈ വിവരശേഖരണം നടത്തുന്നത്. ഇക്കാരണത്താൽ തന്നെ കൃത്യമായ കണക്കുകൾ സമയബന്ധിതമായി അതാതു വിദ്യാലയ മേലധികാരികൾ ലഭ്യമാക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. സർക്കാർ വിദ്യാലയങ്ങൾ, അവയുടെ ഭരണം നിക്ഷിപ്തമായിട്ടുള്ള സ്വയംഭരണ സ്ഥാപനങ്ങളുടെ പേര് (കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് / ജില്ലാ പഞ്ചായത്ത്) രേഖപ്പെടുത്തേണ്ടതാണ്.
2. അതാതു വിദ്യാലയങ്ങളിലെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ 2011 ലെ 6–ാം പ്രവർത്തി ദിവസത്തെ വിദ്യാർത്ഥികളുടെ എണ്ണം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
3. നിലവിൽ വിദ്യാർത്ഥികളുടെ ഉപയോഗത്തിനുള്ള ടോയ്ലറ്റുകളുടെ എണ്ണം, ലഭ്യമായ ക്ലോസറ്റുകളുടെ അടിസ്ഥാനത്തിൽ കണക്കാക്കണം.
4. ഒരേ സമയം എത്ര വിദ്യാർത്ഥികൾക്ക് മൂത്രവിസർജ്ജനം നടത്താൻ സൗകര്യമുണ്ട് എന്നതിനെ അടിസ്ഥാനമാക്കി എത്ര യൂറിനൽസ് ഉണ്ടെന്ന് കണക്കാക്കണം.
5. വർഷം മുഴുവനും കുടിവെള്ളം ലഭ്യമാണോ എന്ന് രേഖപ്പെടുത്തണം.
6. സ്കൂൾ വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിൽ എത്ര ക്ലാസ്മുറികൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തണം.
7. വിദ്യാലയത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആയതും രേഖപ്പെടുത്തണം.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

നമ്പർ. ഡബ്ലിയു 1/12605/11/ഡി.പി.ഐ.

വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്,
തിരുവനന്തപുരം, തീയതി 05.07.2011.

## പത്രക്കുറിപ്പ്

കേരളത്തിലെ സർക്കാർ / എയ്ഡഡ് പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള വിവരശേഖരണം ജൂലൈ 8 മുതൽ 12 വരെ നടത്താൻ തീരുമാനിച്ചിരിക്കുന്നതിനാൽ എല്ലാ പ്രധാന അദ്ധ്യാപകരും ജൂലൈ 12 ന് വൈകുന്നേരം 5 മണിക്കു മുമ്പായി www.education.kerala.gov.in. എന്ന വെബ്സൈറ്റിലെ basic facilities എന്ന ലിങ്കിലൂടെ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത എൽ.പി., യു.പി. പ്രധാന അദ്ധ്യാപകർക്ക് അടുത്തുള്ള ഹൈസ്കൂളിലെ ഇന്റർനെറ്റ് സൗകര്യം ഉപയോഗിക്കാവുന്നതാണ്. കൂടുതൽ സഹായം ആവശ്യമുണ്ടെങ്കിൽ SSA യുടെ ബ്ലോക്ക് റിസോർസ് സെന്ററിനെ സമീപിക്കേണ്ടതാണ്. സ്കൂളുകളുടെ അഞ്ചു ഡിജിറ്റ് സ്കൂൾ കോഡ് ഉപയോഗിച്ച് basic facilities എന്ന ലിങ്കിലേക്ക് പ്രവേശിക്കാവുന്നതും, ഡാറ്റാ എൻട്രി കഴിഞ്ഞ് ലഭിക്കുന്ന പ്രിന്റ് പ്രധാന അദ്ധ്യാപകന്റെ ഒപ്പും, ഓഫീസ് സീലും പതിപ്പിച്ച് അതാത് ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ ഏൽപ്പിക്കേണ്ടതുമാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**